"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - 2024 ആഗസ്റ്റ് 15 ന് ന്യൂഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അഞ്ച്-വനിതാ ജനപ്രതിനിധികൾ, അവരുടെ ജീവിതപങ്കാളികൾ, നോഡൽ ഓഫീസർ എന്നിവർക്ക് യാത്രാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1525/2024/LSGD തീയതി,തിരുവനന്തപുരം, 14-08-2024

---

പരാമർശം:-
1. കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയത്തിന്റെ 04/07/2024 തീയതിയിലെ D.O No. J-11011/34/2023-MEDIA നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2024 തീയതിയിലെ LSGD/PD/25277/2024-GEB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024 ആഗസ്റ്റ് 15 ന് ന്യൂഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി കേരളത്തിൽ നിന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അഞ്ച്-വനിതാ ജനപ്രതിനിധികളെയും അവരുടെ ജീവിതപങ്കാളിമാരെയും നോഡൽ ഓഫീസറായി പഞ്ചായത്ത് വകുപ്പ് ഉദ്യോഗസ്ഥനെയും സൂചന (1) പ്രകാരം ക്ഷണിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് യാത്രക്കുള്ള അനുമതിയും വനിതാജനപ്രതിധികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും യാത്ര ചെലവിനത്തിലുള്ള തുക അവർ പ്രതിനിധാനം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും, നോഡൽ ഓഫീസറുടെ യാത്രചെലവ് RGSA PMU Expense ൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കണമെന്ന് സൂചന-2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പേര് | തദ്ദേശസ്ഥാപനങ്ങൾ | തസ്തിക | ജീവിതപങ്കാളിയുടെ പേര് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | ശ്രീ.സുമേഷ് കെ.ആർ | പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | ഡെപ്യൂട്ടി ഡയറക്ടർ (നോഡൽ ഓഫീസർ ) | |
| 2 | ശ്രീമതി. കെ.എം. ഉഷ | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | പ്രസിഡന്റ് | ശ്രീ. മോഹൻദാസ് കെ.ആർ |
| 3 | ശ്രീമതി. രജനി. പി | പായം ഗ്രാമപഞ്ചായത്ത് | പ്രസിഡന്റ് | ശ്രീ. പി.വി സുരേഷ് ബാബു |
| 4 | ശ്രീമതി. രാജിക. സി | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | പ്രസിഡന്റ് | |
| 5 | ശ്രീമതി. യശോദ. ബി | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | പ്രസിഡന്റ് | |
| 6 | ശ്രീമതി. രാജേശ്വരി കെ.ജി. | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | പ്രസിഡന്റ് | ശ്രീ. ബി. രാജശേഖരൻ നായർ |

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2024 ആഗസ്റ്റ് 15 ന് ന്യൂഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള അഞ്ച്-വനിതാ ജനപ്രതിനിധികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും, നോഡൽ ഓഫീസർക്കും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് വിമാനയാത്രനുമതി നൽകി ഉത്തരവാകുന്നു. വനിതാ ജനപ്രതിനിധികൾക്കും അവരുടെ ജീവിതപങ്കാളികൾക്കുമുള്ള യാത്രചെലവിനത്തിലുള്ള തുക അവർ പ്രതിനിധാനം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനതു ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നോഡൽ ഓഫീസറുടെ യാത്രചെലവ് RGSA PMU Expense ൽ നിന്നും വഹിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ / ജനപ്രതിനിധി (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ

വകുപ്പ് മുഖാന്തിരം )

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷ്ൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/113/2024-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D.
സെക്ഷൻ ഓഫീസർ
Date: 14-08-2024 16:27:24

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്